# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി

(ഹാജർ :– കെ.ബി. വത്സലകുമാരി)

വിഷയം: കുടുംബശ്രീ – നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

***<u>Order No. KS-D-6157-2015 dated 13-03-2015</u>***

കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിതമായിട്ടുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭങ്ങൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭ്യമാക്കുന്നതിന് ഇതോടൊപ്പം ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവാകുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1) എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

1) എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2) ശേഖരണ ഫയൽ/കരുതൽ

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ

# സൂക്ഷ്മ സംരംഭങ്ങൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് – പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം:** **നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളുടെ പ്രവർത്തനം താഴെപറയുന്ന കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

- ഉല്പന്നങ്ങൾ വൻതോതിൽ വാങ്ങുന്ന ഉപഭോക്താക്കളിൽ നിന്ന് അതിന്റെ വില യഥാസമയം ലഭിക്കാതിരിക്കുന്നതുമൂലമുള്ള സാമ്പത്തിക പ്രതിസന്ധിയാൽ.
- പെട്ടെന്ന് ലഭിക്കുന്ന വലിയ ഓർഡർ മൂലം ഉല്പാദനം വർദ്ധിപ്പിക്കേണ്ട അവസരത്തിൽ;
- അവിചാരിതവും സംരംഭകരുടെ നിയന്ത്രണത്തിന് അതീതവുമായ കാരണങ്ങളാൽ നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ
- നിലവിലുള്ള യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾക്ക്
- കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്
- നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ലഭ്യമാക്കാൻ

ഇത്തരം സന്ദർഭങ്ങളിൽ സൂക്ഷ്മ സംരംഭകരെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനുവേണ്ടി പലിശ രഹിത ഹ്രസ്വകാല വായ്പ പ്രദാനം ചെയ്യുകയെന്നതാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പൊതുവിൽ ലക്ഷ്യമിടുന്നത്. എന്നാൽ പ്രകൃതി ക്ഷോഭം പോലുള്ള വളരെ അപൂർവ്വ സാഹചര്യങ്ങളിൽ സംഭവിക്കുന്ന നഷ്ടം നികത്തുന്നതിന് ഒറ്റത്തവണത്തെ തിരിച്ചടക്കേണ്ടാത്ത സാമ്പത്തിക സഹായമായും പ്രസ്തുത ഫണ്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി വിനിയോഗിക്കാവുന്നതാണ്.

യോഗ്യതാമാനദണ്ഡം:

1) കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ പുതുതായി ആരംഭിക്കുന്നതോ നിലവിലുള്ളതോ ആയ സംരംഭക ഗ്രൂപ്പുകൾക്കും വ്യക്തിഗത സംരംഭകർക്കും
2) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, പ്രത്യേക കേന്ദ്ര ധന സഹായം (എസ്.സി.എ), എസ്.ജി.എസ്.വൈ ലിങ്കേജ് വായ്പ തുടങ്ങിയ ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും എന്നാൽ കുടുംബശ്രീ മിഷന്റെ സബ്സിഡി ലഭ്യമായിട്ടില്ലാത്തതും ഗ്രൂപ്പ് അംഗങ്ങൾ എല്ലാവരും കുടുംബശ്രീ അംഗങ്ങളായവരുമായിട്ടുമുള്ള സംരംഭങ്ങൾ

3) എസ്ജെഎസ്ആർവൈ, യുഎംഇ, എൻയുഎൽഎം പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച് ആരംഭിച്ചിട്ടുള്ള ഗ്രൂപ്പ് സംരംഭങ്ങൾ

4) കുടുംബശ്രീ സംരംഭകരുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രൊഡ്യൂസർ കമ്പനി അല്ലെങ്കിൽ ഉല്പാദക കൂട്ടായ്മ.

മേലപറഞ്ഞ സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1) ഇപ്പോൾ നിലവിലുള്ളതും എന്നാൽ കുറഞ്ഞത് ആറ് മാസക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ സംരംഭങ്ങൾ
2) സംരംഭകർ അവർക്ക് തിരികെ ലഭിക്കാൻ കാലതാമസം വരുന്ന തുകയെ സംബന്ധിച്ച് അല്ലെങ്കിൽ അവർക്ക് ലഭ്യമായിട്ടുള്ള വലിയ ഓർഡർ സംബന്ധിച്ച് അതുമല്ലെങ്കിൽ അവിചാരിതവും നിയന്ത്രണാധീനവുമായിട്ടുള്ള കാരണത്താൽ തങ്ങൾക്ക് സംഭവിച്ച നഷ്ടത്തെ സംബന്ധിച്ച് രേഖമൂലമുള്ള തെളിവുകൾ സഹിതം അപേക്ഷകൾ നിശ്ചിത ഫോറത്തിൽ സമർപ്പിക്കണം. (അപക്ഷേ ഫോറത്തിന്റെ മാതൃക അനുബന്ധം–I ആയും, ഓഡിറ്റ് റിപ്പോർട്ടിന്റെ മാതൃക അനുബന്ധം–II ആയും ചേർത്തിരിക്കുന്നു.
3) ഈ പദ്ധതിയിൻ കീഴിൽ പലിശരഹിത വായ്പയായി ലഭിക്കുന്ന തുക സംരംഭകർ അവർക്ക് ലഭ്യമാകേണ്ട തുക ലഭിച്ച് ഒരാഴ്ച അല്ലെങ്കിൽ ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭിച്ച് ആറ് മാസം ഏതാണോ ആദ്യം അതിനകം മുഴുവൻ തുകയും കുടുംബശ്രീ മിഷനിൽ തിരിച്ചടക്കേണ്ടതാണ്. അല്ലാത്ത പക്ഷം അത്തരം സംരംഭകരിൽ നിന്നും കുടുംബശ്രീ മിഷൻ അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പിഴപലിശ ഉൾപ്പെടെ മുഴുവൻ തുകയും ഈടാക്കുന്നതിന് കുടുംബശ്രീ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

യൂണിറ്റും ഡി.എം.സി.യും തമ്മിൽ 100 രൂപ ധാരണാപത്രം വയ്ക്കേണ്ടതാണ്.

**ഫണ്ടിന്റെ അനുവദനീയത:**

സംരംഭകർക്ക് ഉപഭോക്താക്കളിൽ നിന്ന് തിരിച്ചുകിട്ടേണ്ട തുക അല്ലെങ്കിൽ അവർക്ക് നഷ്ടമായ തുക എത്രയാണോ അത്രയും പരമാവധി 3,00,000/– രൂപ എന്ന പരിധിക്കു വിധേയമായി ഈ പദ്ധതിയിൻ കീഴിൽ അനുവദിക്കാവുന്നതാണ്.

അപേക്ഷകളുടെ പരിശോധനയും അംഗീകാരം നല്കലും:– നിശ്ചിത ഫോർമറ്റിലൂള്ള അപേക്ഷ സി.ഡി.എസ്സും ജില്ലാ മിഷൻ കോ–ഓർഡിനേറ്ററും പരിശോധനയ്ക്ക് വിധേയമാക്കി അർഹത ബോധ്യപ്പെട്ട ശേഷം മാത്രമെ സംസ്ഥാന മിഷനിൽ സമർപ്പിക്കാൻ പാടുള്ളു.

സംസ്ഥാന മിഷനിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി ഉണ്ടായിരിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ – അദ്ധ്യക്ഷ

| | |
|---|---|
| ഡയറക്ടർ (എ & എഫ്) | – കൺവീനർ |
| പ്രോഗ്രാം ഓഫീസർ (എം.ഇ) | – അംഗം |
| അക്കൗണ്ട്സ് ഓഫീസർ | – അംഗം. |

സംസ്ഥാന മിഷനിൽ ലഭിക്കുന്ന ഓരോ അപേക്ഷയും മേൽപറഞ്ഞ കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നല്കുന്നതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

*അനുബന്ധം-I*

# കുടുംബശ്രീ

## ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിനുള്ള അപേക്ഷ

### സംരംഭത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ :

| | | |
|---|---|---|
| 1. ഗ്രാമ പഞ്ചായത്ത് | | |
| 2. വാർഡ് നമ്പർ: | | |
| 3. ഗ്രൂപ്പ് ലീഡറുടെ പേര് | | |
| 4. സംരംഭത്തിന്റെ പേര് : | | |
| 5. ഉൽപന്നങ്ങൾ : | | |
| 6. അംഗങ്ങളുടെ എണ്ണം | | |
| തുടക്കത്തിൽ : | | |
| നിലവിൽ : | | |
| 7. സംരംഭം തുടങ്ങിയത് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് | | : RME/50K/RSVY/SCA/SGSY/മറ്റുള്ളവ വ്യക്തമാക്കുക. |
| 8. പ്രോജക്ട് തുക | | |
| 9. സബ്സിഡി വിവരം | ആർ.എം.ഇ. | |
| | യുവശ്രീ | |
| | പഞ്ചായത്ത് പ്ലാൻ ഫണ്ട് | |
| 10. തുടങ്ങിയ വർഷം | | |
| 11. അയൽക്കൂട്ടത്തിന്റെ പേര് | | |

### ബാങ്ക്ലോൺ വിവരങ്ങൾ

| | |
|---|---|
| 11. ബാങ്കിന്റെ പേര് | |
| 12. അക്കൗണ്ട് നമ്പർ | |
| 13. ബാങ്ക് ലോൺ തുക | |
| 14. തിരിച്ചടക്കാനുള്ള തുക | |
| 15. ബാങ്കിൽ കുടിശ്ശികയുണ്ടോ? എത്ര? | |
| 16. സബ്സിഡി തുക | |

### ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിനുള്ള സാഹചര്യങ്ങൾ.

1.........................................................................................

2.........................................................................................

3.........................................................................................

അപേക്ഷകയുടെ പേര്                                                                                    ഒപ്പ്/സീൽ

**അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

**1 പ്രോജക്ടിന്റെ കോപ്പി**

**2 ചാർജ്ജ് ഓഫീസർ/സി.ഡി.,എസ്. ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ആദ്യപേജും, അവസാന പേജും)**

**3 ഗ്രൂപ്പ് അംഗങ്ങൾ എല്ലാവരും യൂണിറ്റിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഫോട്ടോ.**

**4 തൻവർഷത്തെ വരവ് ചെലവ് കണക്ക്.**

**5 കൺസൽട്ടന്റ് സാക്ഷ്യപ്പെടുത്തിയ ഓഡിറ്റ് റിപ്പോർട്ട്.**

## സി.ഡി.എസിന്റെ ശുപാർശ

മേൽപ്പറഞ്ഞ യൂണിറ്റ് സന്ദർശിക്കുകയും അത് പ്രവർത്തനക്ഷമമാണെന്ന് മനസ്സിലാക്കുന്നതായതിനാൽ മേൽപ്പറഞ്ഞ യൂണിറ്റിന് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് അനുവദിക്കാവുന്നതാണ്..

സ്ഥലം:
തീയതി:

സി.ഡി.എസ്.സെക്രട്ടറിയുടെ പേരും ഒപ്പും                    പ്രസിഡന്റിന്റെ പേരും ഒപ്പും

## <u>ഓഫീസ് ഉപയോഗത്തിന് മാത്രം</u>

**ഡി.എം.സി.യുടെ തീരുമാനം.**

മേൽപ്പറഞ്ഞ യൂണിറ്റിന് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്  അനുവദിക്കാവുന്നതാണ്.

തീയതി.                                                  ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

*അനുബന്ധം-II*

**കുടുംബശ്രീ .................................... സൂക്ഷ്മ സംരംഭത്തിന്റെ പ്രവർത്തന സാമ്പത്തിക പരിശോധനാ റിപ്പോർട്ട്**

തീയതി:

....................................... ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ .............................. വാർഡിൽ പ്രവർത്തിക്കുന്ന ..................... കുടുംബശ്രീ യൂണിറ്റിന്റെ ഓഡിറ്റ് റിപ്പോർട്ട്

**യൂണിറ്റിന്റെ വിവരങ്ങൾ**

ജില്ല :

ബ്ലോക്ക് :

പഞ്ചായത്ത് :

വാർഡ് :

അംഗങ്ങളുടെ എണ്ണം : തുടക്കത്തിൽ:

നിലവിൽ :

**ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായങ്ങൾ**

| ക്രമ നമ്പർ | ലഭിച്ച സഹായം | സ്ഥാപനം | ലഭിച്ച തീയതി | തുക |
|---|---|---|---|---|
| 1 | സബ്സിഡി | | | |
| 2. | റിവോൾവിംഗ് ഫണ്ട് | | | |
| 3. | ടെക്നോളജി ഫണ്ട് | | | |
| 4. | ഇന്നവേഷൻ ഫണ്ട് | | | |
| 5. | രണ്ടാം ഘട്ട ധനസഹായം | | | |
| 6. | ക്രൈസിസ്സ് മാനേജ്മെന്റ് ഫണ്ട് | | | |
| 7. | മറ്റുള്ളവ (വിശദമാക്കുക) | | | |

**ലോൺ വിവരങ്ങൾ**

1. ബാങ്കിന്റെ പേര് :

2. ലോൺ തുക :

3. ഇ.എം.ഐ. കുടിശ്ശിക ഉണ്ടോ?
   ഉണ്ടെങ്കിൽ എത്ര? :

4. തിരിച്ചടവ് കാലാവധി :

5. തിരിച്ചടയ്ക്കാൻ ഉള്ള തുക :

യൂണിറ്റിന്റെ ലോൺ തിരിച്ചടവ് ....................................... ബാങ്കിന്റെ ...................... ബ്രാഞ്ചിന്റെ ..................................... അക്കൗണ്ട് നമ്പർ മുഖേന നിർവ്വഹിക്കുന്നു. കഴിഞ്ഞ ആറുമാസത്തെ തിരിച്ചടവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **തീയതി** | **അടച്ച തുക** |
|---|---|---|
| | | |

## യൂണിറ്റിൽ സൂക്ഷിച്ചിട്ടുള്ള രേഖകളുടെ വിവരം

| ക്രമ നമ്പർ | രജിസ്റ്റർ | കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് | കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല |
|---|---|---|---|
| 1. | മിനിട്ട്സ് | | |
| 2. | വായ്പാ രജിസ്റ്റർ | | |
| 3. | സ്ഥാവര ജംഗമ വസ്തുക്കളുടെ രജിസ്റ്റർ | | |
| 4. | വരവ് ചെലവ് രേഖകൾ, ഓഡിറ്റ് രേഖകൾ | | |
| 5. | ചെക്ക്ബുക്ക് | | |
| 6. | റിവോൾവിംഗ് ഫണ്ട് | | |
| 7. | മറ്റിനങ്ങൾ | | |
| | 1. | | |
| | 2. | | |
| | 3. | | |
| | 4. | | |
| | 5. | | |

## യൂണിറ്റിന്റെ ബാധ്യതാ പട്ടിക

| ബാധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| 1. ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ | | 1. സ്ഥിര ആസ്തി | |
| എ. പ്രാരംഭ ബാക്കി | | 2. നീക്കിയിരിപ്പ് | |
| ബി. തൻവർഷം ലഭിച്ച തുക | | 3. മറ്റു മുതലുകൾ കിട്ടാനുള്ളത് | |
| സി. തൻവർഷം ചെലവായ തുക | | | |
| ഡി. നീക്കിയിരിപ്പ് | | | |
| 2. വായ്പ ബാങ്കിൽ തിരിച്ചടയ്ക്കാനുള്ളത് | | | |
| 3. മറ്റു ബാധ്യതകൾ തീർക്കാനുള്ളത് | | | |
| **ആകെ** | | **ആകെ** | |

...................................................... സംരംഭ യൂണിറ്റിന്റെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ആകെ .................. രൂപ വരവും .......................... രൂപ ചെലവും കാണുന്നു. കൈവശം നീക്കിയിരിപ്പ് ........................ തുക ഉണ്ട്.

ഓഡിറ്റ് ടീം

പേര്
ഒപ്പ്

പേര്
ഒപ്പ്

സ്ഥലം
തീയതി

(ഓഫീസ് മുദ്ര)